# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 114 — 28.01.2019-ൽ മറുപടിക്ക്

## <u>ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട സോഷ്യൽ മീഡിയയിലെ വ്യാജ സന്ദേശങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.എം. നൗഷാദ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിൽ സ്ത്രീ പ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധി വന്നശേഷം വർഗീയ വികാരം ആളിക്കത്തിക്കുന്നതിനും അതിൽ നിന്ന് രാഷ്ട്രീയ നേട്ടം കൊയ്യുന്നതിനുമായി സോഷ്യൽ മീഡിയയിൽ വ്യാജ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ വർഗീയ കലാപം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) സങ്കുചിത താൽപര്യ സംരക്ഷണത്തിനായി വർഗ്ഗീയ വിഭജനം സാധ്യമാക്കുക എന്ന ദ്രോഹബുദ്ധിയോടെ സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തുന്ന വിദ്വേഷ പ്രചരണങ്ങൾ തടയുന്നതിനും ഇത്തരക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും സംസ്ഥാന പോലീസ് ജാഗ്രത പുലർത്തിവരുന്നുണ്ട്. സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റും ദുഷ് പ്രചരണങ്ങൾ നടത്തി രാജ്യത്തിന്റെ സമാധാന അന്തരീക്ഷം തകർക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന വ്യക്തികൾക്കെതിരെ ശക്തമായ നിയമനടപടികൾ |

സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങളെ സംബന്ധിച്ച് പരാതികൾ ലഭിക്കുകയാണെങ്കിൽ ആയതിന്മേൽ ഐ.പി.സി., ഐ.ടി. ആക്ട് എന്നിവയിലെ പ്രസക്ത വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. അത്തരം പ്രചാരണം നടത്തുന്നതും അത് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതു കുറ്റകരമാണെന്ന മുന്നറിയിപ്പ് ജനങ്ങൾക്ക് മാധ്യമങ്ങളിലൂടെ സംസ്ഥാന പോലീസ് മേധാവി നൽകി വരുന്നു. ഇതിനായി പ്രത്യേക നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**